# പ്രധാന ഹദീസ് കേന്ദ്രങ്ങൾ



**സ്വഹാബിമാരുടെയും** താബിഉകളുടെയും കാലത്തെ പ്രധാന ഹദീസ് പഠന-ഗവേഷണ കേന്ദ്രങ്ങൾ: മക്ക, മദീന, കൂഫ, ബസ്വറ. ഇവക്കുപുറമെ സിറിയ, ഈജിപ്ത്, യമൻ, ഇറാൻ തുടങ്ങിയ നാടുകളിലും ഹദീസ്പഠനം സജീവമായി നടന്നിരുന്നു. ഹദീസ് പഠിതാക്കളുടെ പ്രധാന കേന്ദ്രങ്ങൾ മക്കയും മദീനയുമായിരുന്നു. വിദൂരനാടുകളിൽനിന്നുപോലും അവിടേക്ക് ആളുകൾ വരാറുണ്ടായിരുന്നു. അനസുബ്നു സീരീൻ കൂഫയിൽ ചെന്നപ്പോൾ നാലായിരത്തോളമാളുകൾ ഹദീസ് പഠനത്തിൽ വ്യാപൃതരായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്വഹാബിവര്യനായ അബുദ്ദർദാഇന്റെ ഡമസ്കസിലെ സദസ്സിൽ 1500-ലേറെ പഠിതാക്കൾ ഉണ്ടായിരുന്നു. പ്രമുഖ താബിഈ പണ്ഡിതൻ മാലികുബ്നു അനസ് അൽഇസ്ബഹാനി മദീന കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചിരുന്നത്. റബീഉബ്നു സുബൈഹ് (ബസ്വറ-മരണം ഹി. 160), അബൂഅംറുബ്നുൽ ഔസാഈ (ബൈറൂത്ത് - മരണം ഹി. 157), അബൂഅബ്ദില്ല സുഫ്യാനുസ്സൗരി (കൂഫ - മരണം ഹി. 161), അബ്ദുല്ലാഹിബ്നു മുബാറക് (ഖുറാസാൻ - മരണം ഹി. 181), ഹൈസമുബ്നു ബിശ്രിൽ വാസിത്വി (വാസിത് - മരണം ഹി. 188) എന്നിവരും വിവിധ നാടുകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ച പ്രസിദ്ധരായ താബിഈ ഹദീസ് പണ്ഡിതന്മാരാണ്.